അവരെ പ്രോത്സാഹിപ്പിക്കുന്നതും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ വേണ്ടി 10,000 രൂപ വരെയുള്ള സ്കോളർഷിപ്പുകൾ നൽകി വരുകയും ചെയ്യുന്നുണ്ട്. ആ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീമതി ഇ. എസ്. ബിജി മോൾ : സർ, കലാഭിരുചിയുടെ മറവിൽ ചാനലുകൾ തമ്മിൽ മഹായുദ്ധം നടക്കുകയാണ്. സംഗീത യുദ്ധം, നൃത്ത യുദ്ധം, കോമഡി യുദ്ധം എന്നൊക്കെ അവർത്തന്നെ അതിന് പേരിട്ടിരിക്കുന്നു. അങ്ങനെ പല യുദ്ധങ്ങൾ ചാനലുകൾ തമ്മിൽ സംഘടിപ്പിച്ച് കൊണ്ടിരിക്കുകയാണ്. ഇതിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഉണ്ടാകുന്ന സമ്മർദ്ദങ്ങൾ വളരെ വലുതാണ്. പലപ്പോഴും കുട്ടികൾ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യങ്ങളുമുണ്ട്. ഇത് പരിഗണിക്കുന്നതിനും ഈ കാര്യങ്ങളിൽ ഒരു നിയന്ത്രണമുണ്ടാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ചാനലുകളിലുള്ള യുദ്ധം നമ്മുക്കറിയാം. കലോത്സവത്തിൽ യുദ്ധമില്ല. അതിന് മാറ്റം വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, നല്ല കലാകാരന്മാരെ വർഗീയതയുടെ വിഷബീജങ്ങളോ തീവ്രവാദത്തിന്റെ വൈകാരികതയോ സ്വാധീനിക്കുന്നില്ല എന്നാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിൽ നല്ല കലാകാരന്മാരും സാഹിത്യകാരന്മാരും ഉണ്ടാകണം. അങ്ങനെ ഉണ്ടാകണമെങ്കിൽ 14 വയസ്സിന് മുമ്പായി ഒരു കുട്ടിയുടെ 47 ശതമാനം പ്രതിഭാശേഷി കഴിയുമെന്നാണ് എല്ലാ വിദ്യാഭ്യാസ വിചക്ഷണന്മാരും കണ്ടെത്തുന്നത്. 14 വയസ്സിന് മുമ്പായി ആവശ്യമായ പരിശീലനം നൽകാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. പക്ഷേ, നമ്മുടെ പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ പ്രതിഭാശേഷിയെ കണ്ടെത്താനുള്ള വലിയ പരിശ്രമങ്ങളൊന്നും നടക്കുന്നില്ല. അതുകൊണ്ട് ലോവർ പ്രൈമറി തലത്തിൽ അത് കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, എന്തെങ്കിലും ഒരു പ്രത്യേക കഴിവില്ലാത്ത ഒരു കുഞ്ഞും ഭൂമുഖത്ത് ജനിക്കുന്നില്ല. എന്നാൽ ആ പ്രത്യേക കഴിവുകളെ കണ്ടെത്താൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. വിദ്യാഭ്യാസം യാന്ത്രികമായി പോകുന്നു. അവിടെയാണ് ഇതിന്റെ പ്രസക്തി എന്നുപറയുന്നത്. കുട്ടികളുടെ നൈസർഗികമായ കഴിവുകളെ കണ്ടെത്തി വളർത്തി എടുക്കാനുള്ള പ്രതിഭാസത്തെ വിദ്യാഭ്യാസത്തിൽ Human Resource Development എന്നാണ് പറയുന്നത്. ആ കാഴ്ചപ്പാട് വച്ചുകൊണ്ടാണ് പാഠ്യപദ്ധതിയുടെ ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളതും കലോത്സവങ്ങൾ നടത്തുന്നതും ഒക്കെ.

ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ

4 (*544) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി യാഡുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആലപ്പുഴ യാഡിൽ ബോട്ടുകൾ കരയ്ക്ക് കയറ്റുന്നതിന് യന്ത്രവൽകൃത സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബോട്ട് യാഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ ; ആലപ്പുഴ പോഞ്ഞിക്കരയിൽ ആധുനിക യാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ഡി) യാഡിന്റെ നവീകരണത്തിനായി എന്ത് തുക ചെലവഴിച്ചു ; പുതുതായി എത്ര സ്റ്റീൽ ബോട്ടുകളും ഫൈബർ ബോട്ടുകളും ഈ വർഷം നീറ്റിലിറക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ടുകളുടെ അറ്റകുറ്റ പണികൾക്കായി 39 ലക്ഷം രൂപ മുടക്കി എറണാകുളത്ത് തേവരയിലും ആലപ്പുഴയിലെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലും യാർഡുകൾ, ഫൈബർ, സ്റ്റീൽ ഉൾപ്പെടെയുള്ള ബോട്ടുകൾ റിപ്പയർ ചെയ്യാവുന്ന വിധത്തിൽ നവീകരിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു കോടി 59 ലക്ഷം രൂപ ചെലവഴിച്ച് 4 ബോട്ടുകൾ ഒരേ സമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്ന രീതിയിൽ പൂർണ്ണമായും യന്ത്രവൽകൃതമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്ലിപ്പ് ടാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴയിലെ നിലവിലുള്ള യാർഡിൽ സ്റ്റീൽ, ഫൈബർ ബോട്ടുകൾ പൂർണ്ണമായും യന്ത്രവൽകൃതമായി ഡോക്ക് ചെയ്യാത്ത തരത്തിൽ ഇലക്ട്രിക് വിഞ്ച് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ബോർഡ് യാർഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് 1.59 കോടി രൂപ ചെലവഴിച്ച് ആധുനിക സംവിധാനത്തോടുകൂടിയ സ്ലിപ്പ് വേ നിർമ്മിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് വർക്ക് ഓർഡർ നൽകുകയും, നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) യാർഡിന്റെ നവീകരണത്തിനായി കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഏകദേശം 38 ലക്ഷം രൂപയോളം ചെലവഴിച്ചു. 14 സ്റ്റീൽ ബോട്ടുകളും, 10 ഫൈബർ ബോട്ടുകളും നീറ്റിലിറക്കിക്കഴിഞ്ഞു. കൂടാതെ 10 സ്റ്റീൽ ബോട്ടുകൾക്കൂടി നിർമ്മിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് കരാർ നൽകുകയും 5 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 6 സ്റ്റീൽ ബോട്ടുകൾക്കൂടി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. എ. എം. ആരിഫ് : സർ, രണ്ടുമൂന്ന് ആഴ്ചകൂടി കഴിഞ്ഞാൽ നെഹ്രു ട്രോഫി വള്ളം കളിക്ക് ബഹുമാന്യനായ രാഷ്ട്രപതിയടക്കം വരാൻ പോകുകയാണ്. അവിടെ ഇപ്പോഴും ഭാർഗ്ഗവീനിലയം പോലെയാണ് യാർഡിന്റെ കിടപ്പ്. അത് എത്രയും വേഗം ആ ബോട്ടിനെ കരയ്ക്ക് കയറ്റിവയ്ക്കാൻ നടപടി സ്വീകരിക്കണം. അതല്ല, എന്റെ ചോദ്യം, മുൻഗവൺമെന്റിന്റെ കാലത്ത് 10 ഫൈബർ ബോട്ടുകൾ വാങ്ങുകയും ഇപ്പോൾ ഈ ബോട്ടുകളെല്ലാം ഉപയോഗശൂന്യമായിക്കിടക്കുകയാണ്. അത്തരത്തിൽ ഉപയോഗശൂന്യമായ ബോട്ടുകൾ വാങ്ങിക്കാനിടയായ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ ; ഉത്തരവാദിക്കളുടെ പേരിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് തെറ്റയിൽ : സർ, പരിശോധിച്ച് അതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. കെ. സദാശിവൻ : ആലപ്പുഴയിലെ വാട്ടർ ട്രാൻസ്പോർട്ടിന്റെ ഡോക്ക് യാർഡിനെ ബോട്ടുകളുടെ ശവപ്പറമ്പ് എന്നാണ് നേരത്തെ വിളിച്ചു കൊണ്ടിരുന്നത്. കനാലിൽ താഴ്ന്ന് കിടന്ന 27 ബോട്ടുകളിൽ 22 എണ്ണം കരയ്ക്ക് കയറ്റി. അക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, അങ്ങ് കഴിഞ്ഞ ദിവസം പോഞ്ഞിക്കരയിൽ ഉദ്ഘാടനം ചെയ്ത ഡോക്ക് യാർഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കും ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എൻ. വാസവൻ : കോട്ടയം, ആലപ്പുഴ റൂട്ടിൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന സ്റ്റീൽ ബോട്ട് ചോർന്നൊലിക്കുന്ന അവസ്ഥയാണുള്ളത്. അത് കഴിഞ്ഞ ദിവസം സബ്മിഷനിലൂടെ ചൂണ്ടിക്കാണിച്ചു. അതുമാറ്റി പഴയ തടി ബോട്ട് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഇപ്പോൾ 48 ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത്. ഇതിൽ 14 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും ഈ ഗവൺമെന്റിന്റെ കാലത്താണ്.....

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, എന്റെ മണ്ഡലത്തിൽ 1980-ൽ വാട്ടർ ട്രാൻസ്പോർട്ട് ആരംഭിച്ചതാണ്. അന്ന് അഞ്ച് ബോട്ടുകളുണ്ടായിരുന്നു. ഇപ്പോൾ കേവലം മൂന്ന് ബോട്ടുകളാണുള്ളത്. അതിലൊന്ന് കട്ടപ്പുറത്താണ്. കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മുൻമന്ത്രി വന്ന് കാര്യങ്ങളൊക്കെ ബോധ്യപ്പെട്ടതാണ്. ആ സ്ഥലത്തുവന്ന്.....(മൈക്ക് ഓഫ്).....നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, നടപടി സ്വീകരിക്കാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ഗവേഷണ പ്രവർത്തനങ്ങൾ

5 (*545) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?